# ഏപ്രിൽ 22: പ്ലാച്ചിമടയിൽ നിന്നും ജനാധികാരത്തിലേക്ക്

**ഈ** ഏപ്രിൽ 22 ഭൂമിദിനത്തിൽ പ്ലാച്ചിമട സമരം 9 വർഷം പിന്നിടുകയാണ്. 11 വർഷം മുമ്പ് ആരംഭിച്ച ഈ കമ്പനി കഴിഞ്ഞ അഞ്ച് വർഷത്തോളമായി ഉത്പാദനം നിർത്തിയിരിക്കുകയാണ്. ഇത്രകാലമായിട്ടും പ്ലാച്ചിമടയിലെ കിണറുകളിലെ ജലം കുടിക്കാൻ പാകത്തിനായിട്ടില്ല. പ്ലാച്ചിമട കമ്പനിപ്പടിക്കലെ സമരപന്തൽ ഇപ്പോഴും സജീവമാണ്. പ്ലാച്ചിമട സമരം ഉന്നയിച്ച അടിസ്ഥാനപരമായ ഒരു ആവശ്യം, കൊക്കക്കോള കമ്പനി നഷ്ടപരിഹാരം നൽകി പുറത്ത് പോകുക എന്നത് യാഥാർത്ഥ്യമാക്കാനുള്ള ബിൽ കേരള നിയമസഭയിൽ ഇക്കഴിഞ്ഞ ഫെബ്രുവരി 22ന് അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റി പരിഗണിച്ച് പാസാക്കുകയും ചെയ്തു. ഐതിഹാസികമായ പ്ലാച്ചിമട സമരം അനേക ജനകീയ സമരങ്ങളുടെ മാതാവ് എന്ന് വിശേഷിപ്പിക്കുന്നതുപോലെ എന്തൊക്കെ പരിമിതികളുണ്ടായാലും ഈ നിയമം (പ്ലാച്ചിമട കൊക്കക്കോള വിക്ടിംസ് റിലീഫ് ആന്റ് കോംപൻസേഷൻ ക്ലെയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ, 2011) പാസാക്കിയതിലൂടെ കേരള നിയമസഭ അത്യപൂർവ്വമായ വേദിയായി മാറിയിരിക്കുകയാണ്. കഴിഞ്ഞ 50 വർഷത്തെ ലോക ചരിത്രത്തിൽ ഏറെ സവിശേഷതകളുള്ള പ്ലാച്ചിമട സമരം പോലെ കേരള നിയമസഭയും ഈ നിയമനിർമ്മാണത്തിലൂടെ ഔന്നത്യം നേടിയിരിക്കുന്നു. പക്ഷെ ക്രിമിനൽ കൊക്കക്കോള പ്ലാച്ചിമടയ്ക്കും കേരളത്തിനും ഏൽപ്പിച്ച യാതനകൾക്കും നഷ്ടങ്ങൾക്കും ഇതുകൊണ്ടുമാത്രം പരിഹാരമാകുമോ? ഈ നിയമം രാഷ്ട്രപതി അംഗീകരിച്ച്, പുതുതായി ഭരണമേൽക്കുന്ന സർക്കാറിലൂടെ മാന്യമായ നഷ്ടപരിഹാരം നേടിയെടുത്താൽ തീരാവുന്ന പ്രശ്നങ്ങൾ മാത്രമാണോ പ്ലാച്ചിമട അവശേഷിപ്പിക്കുന്നത്? ലോകത്തെ ഒട്ടുമിക്ക സംഘങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും പിന്തുണനേടിയ പ്ലാച്ചിമട സമരം കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളും പരസ്യമായി പിന്തുണച്ച സമരമായിട്ടും എന്തുകൊണ്ടാണ് ഈ പരിമിതമായ ആവശ്യംപോലും പരിഹരിക്കപ്പെടാൻ പത്തുവർഷം വേണ്ടിവന്നു? നമ്മുടെ രാഷ്ട്രീയപാർട്ടികളുടെ വഞ്ചനയും കോർപറേറ്റ് രാഷ്ട്രീയത്തിന്റെ അധിനിവേശവും മാത്രമല്ല, സമരസംഘങ്ങളുടെയും പൊതുസമൂഹത്തിന്റെയും പിന്നോക്കാവസ്ഥയും ഇച്ഛാശക്തിയില്ലായ്മയുമാണ് ഇത് സൂചിപ്പിക്കുന്നത്. നിലവിലുള്ള ഭരണാധികാര രാഷ്ട്രീയത്തിന്റെ പൊള്ളത്തരം മനസ്സിലാക്കിയ മലയാളി സമൂഹം എന്തുകൊണ്ടാണ് ഒരു ജനാധികാര രാഷ്ട്രീയം ഉയർത്തിക്കൊണ്ടുവരാൻ മടിച്ചുനിൽക്കുന്നത്? സാമൂഹിക പ്രവർത്തനത്തിന്റെ സൂക്ഷ്മതലങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ട സാഹചര്യങ്ങളിലാണ് നാം. എങ്കിലും പുതിയ ഭരണകർത്താക്കൾ പ്ലാച്ചിമടയുടെ പാഠം പരിഗണിക്കുമോ? എങ്കിൽ കൊക്കക്കോള വിരുദ്ധ സമരസമിതി വർഷങ്ങളായി ഉന്നയിക്കുന്ന കൊക്കക്കോള കമ്പനിയെ കുറ്റവിചാരണ ചെയ്യുക, പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിന് ഗ്രാമസഭകൾക്ക് നിയമപരിരക്ഷയോടുകൂടിയ പരമാധികാരം നൽകുക, പ്ലാച്ചിമടകൾ ആവർത്തിക്കാതിരിക്കാൻ മലിനീകരണ നിയന്ത്രണ നിയമങ്ങളിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും മാറ്റങ്ങൾ വരുത്തുക തുടങ്ങിയ ആവശ്യങ്ങൾ എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരമായി നേടേണ്ടതുണ്ട്. അങ്ങനെ സംഭവിക്കുമെങ്കിൽ പാലക്കാട് കഞ്ചിക്കോടുള്ള പെപ്സികോയുടെ പ്ലാന്റും പൂട്ടിപ്പോകേണ്ടിവരും. എന്നാൽ രാഷ്ട്രീയപാർട്ടികളുടെ കാപട്യത്തിന്റെ പ്രതീകമായി പെപ്സികോയും പ്രവർത്തനം തുടരുകയാണ്.

പ്രാബല്യത്തിലാകുന്ന നിയമം വഴി രൂപീകരിക്കാനിരിക്കുന്ന ട്രിബ്യൂണൽ തീരുമാനിക്കുന്ന നഷ്ടപരിഹാരം വഴി എല്ലാം അവസാനിക്കുന്നില്ലെങ്കിലും അതുതന്നെ നേടാൻ നീണ്ടുനിൽക്കുന്ന ജാഗ്രതയോടുകൂടിയ സമരമാവശ്യമായി വരുന്നു. നീതിബോധമുള്ള പൊതുസമൂഹത്തിന് മുന്നിൽ ഈ ഏപ്രിൽ 22 ആ വലിയ വെല്ലുവിളി ഉയർത്തുന്നു. നീതി നടപ്പായാൽ കഴിഞ്ഞ കുറേ വർഷങ്ങളായി മഴക്കാലത്ത് പോലും കുടിവെള്ള ലോറിയെ ആശ്രയിക്കുന്ന വേഴാമ്പലുകളായി ഇനിയും പ്ലാച്ചിമടക്കാർ തുടരില്ല. എന്നതുമാത്രമല്ല, കേരളം അങ്ങോളമിങ്ങോളമുള്ള പലവിധ ആവശ്യങ്ങൾ ഉന്നയിച്ച ഇരകളുടെ സമരങ്ങൾക്ക് നീതിലഭിക്കാൻ പ്ലാച്ചിമടയുടെ നീതി സഹായകരമായിത്തീരും.

**യാതനയോ** അനീതിയോ ചെറുക്കാനുള്ള അതിജീവന സമരം മാത്രമായല്ല, സുസ്ഥിരതയും സ്വാതന്ത്ര്യവും സാഹോദര്യവും നീതിയും സ്നേഹവും പുലരുന്ന പുതിയ മറ്റൊരു കേരളം സാധ്യമാക്കാൻ നമ്മൾ ജനങ്ങൾ തന്നെ മുന്നോട്ട് വയ്ക്കുന്ന ശരിയായ അജണ്ടകൾ, 'ജനാധികാരത്തിന്റെ സാധ്യകളുമായാണ്' ഈ ലക്കം കേരളീയം നിങ്ങളിലേക്കെത്തുന്നത്. ആശയതലത്തിൽ മാത്രമല്ല, പ്രായോഗിക തലത്തിലും ജനാധിപത്യപരമായി മെച്ചപ്പെടുത്തി വിനിയോഗിക്കാനുള്ളതാണിവ.

**പ്രതീക്ഷിക്കുക**

സാമൂഹിക നീതിക്കായുള്ള മാധ്യമപ്രവർത്തനം

**പ്രത്യേകലക്കം**